(സി) സ്വർണ്ണോത്സവം കൊണ്ട് സംസ്ഥാനത്തിന് പ്രധാനമായും രണ്ട് ലക്ഷ്യമാണുള്ളത്:

1. സ്വർണ്ണത്തിന്റെ കൂടുതലായുള്ള കച്ചവടം വഴി സർക്കാരിന് ലഭിക്കുന്ന വിൽപ്പന നികുതിയിലുള്ള വരുമാനവും തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽ സാധ്യതയും.
2. ടി മേളയ്ക്ക് എത്തുന്ന ടൂറിസ്റ്റുകളിൽ നിന്നും സംസ്ഥാനത്തിന് ലഭിക്കുന്ന വരുമാനം.

കേരളത്തിനുപുറത്തുള്ള കേരളാ ഹൗസുകളുടെ പ്രവർത്തനം

93 [3240] ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന് പുറത്ത് ഏതെല്ലാം സംസ്ഥാനങ്ങളിലാണ് ടൂറിസം വകുപ്പിന്റെ മേൽനോട്ടത്തിൽ കേരളാ ഹൗസുകൾ ഇപ്പോൾ പ്രവർത്തിക്കുന്നത്;

(ബി) മുംബൈയിൽ നിർമ്മാണം പൂർത്തിയാക്കാത്ത കേരളാ ഹൗസിന്റെ നിർമ്മാണത്തിനായി നാളിതുവരെ എന്തു തുക ചെലവഴിച്ചു; ഈ മന്ദിരത്തിന്റെ രൂപരേഖ തയ്യാറാക്കുമ്പോൾ നിശ്ചയിച്ചിരുന്ന അടങ്കൽ തുക എത്രയായിരുന്നു;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എന്തൊക്കെ പ്രവർത്തനങ്ങളാണ് ഈ മന്ദിരം പൂർത്തിയാക്കുന്നതിനായി നടപ്പിലാക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ഡി) ഈ കെട്ടിടം പൂർത്തീകരിക്കാത്തതിനാൽ ഉണ്ടായിട്ടുള്ള കഷ്ടനഷ്ടങ്ങളെക്കുറിച്ച് ഏതെങ്കിലും പരാതി സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്തു നടപടി സ്വീകരിച്ചു എന്നുകൂടി വ്യക്തമാക്കുമോ?

ഉത്തരം

(എ) തമിഴ്നാട്ടിൽ കന്യാകുമാരിയിൽ ടൂറിസം വകുപ്പിന്റെ കീഴിലും ന്യൂഡൽഹിയിൽ സംസ്ഥാന പൊതുഭരണ (ടൂറിസം) വകുപ്പിന്റെ കീഴിലും കേരളാ ഹൗസുകൾ പ്രവർത്തിക്കുന്നു.

(ബി) 1,91,64,674 രൂപ ചെലവഴിച്ചു. അടങ്കൽ തുക 727 ലക്ഷം രൂപ.

(സി) ഇത്തരത്തിലൊരു കേരളാ ഹൗസ് നിർമ്മിക്കുന്നതിനും നടത്തിക്കുന്നതിനും ഉണ്ടാകുന്ന ഭീമമായ ചെലവു പരിഗണിച്ചും എയർപോർട്ടിൽ നിന്നും വളരെ ദൂരെയായതിനാൽ ഉദ്ദേശിക്കുന്ന ഗുണം ഈ മന്ദിരംക്കൊണ്ട് ഉണ്ടാവില്ല എന്നും വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ പദ്ധതിയുടെ നിർമ്മാണം നിർത്തിവയ്ക്കാനും ഒരു സംയുക്ത സംരംഭമായി ഈ പദ്ധതി പൂർത്തീകരിക്കാനും ഈ സർക്കാർ തീരുമാനിച്ചു. ആയതിനു വേണ്ട നടപടികൾ എടുത്തുവരുന്നു.

(ഡി) പണിയുടെ നിർമ്മാണ ചുമതല ഏറ്റിരുന്ന കരാറുകാരിൽനിന്നും ഒരു പരാതി ലഭിച്ചിരുന്നത് അടിയന്തിര നടപടികൾക്കായി പൊതുമരാമത്ത് വകുപ്പിന് നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly